**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 502** **09-08-2023 - ൽ മറുപടിയ്ക്ക്**

**കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതവും ഗ്രാന്റും**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. സണ്ണി ജോസഫ്** | **ശ്രീ കെ എൻ ബാലഗോപാൽ**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** |

(എ) പത്താം ധനകാര്യ കമ്മീഷന്റെ കാലഘട്ടം മുതൽ പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലഘട്ടം വരെ കേരളത്തിന് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതം എത്ര ശതമാനം വീതം ആയിരുന്നു; ഓരോ ധനകാര്യ കമ്മീഷന്റെ കാലയളവിലും ഈ ഇനത്തിൽ ലഭിച്ച തുക എത്രയായിരുന്നു; വ്യക്തമാക്കുമോ;

(എ) പത്താം ധനകാര്യ കമ്മീഷന്റെ കാലഘട്ടം മുതൽ പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലഘട്ടം വരെ ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിന് അനുവദിച്ച നികുതി വിഹിതത്തിന്റെയും ലഭിച്ച തുകയുടെയും കണക്കുകൾ ചുവടെ ചേർക്കുന്നു.

| ധനകാര്യ കമ്മീഷൻ കാലയളവ് | ഡിവിസിബിൾ പൂളിൽ നിന്നും അനുവദിച്ച നികുതി വിഹിതം (%) | ലഭിച്ച തുക (കോടിയിൽ) |
|---|---|---|
| X (1995-2000) | 3.875 * | 6468.87 |
| XI (2000-2005) | 3.057 | 9332.04 |
| XII (2005-2010) | 2.665 | 18456.24 |
| XIII (2010-2015) | 2.341 | 33367.83 |
| XIV (2015-2020) | 2.500 | 80187.99 |
| XV (2020-2021) | 1.943 | 11560.40 |
| XV (2021-2026) | 1.925 | 42039.03 # |

* വരുമാന നികുതിയുടെയും എക്സൈസ് ഡ്യൂട്ടിയുടെയും 3.875 ശതമാനമാണ് കേരളത്തിന് അർഹതയുണ്ടായിരുന്നത്.

# 2023 ജൂലൈ മാസം വരെയുള്ള കണക്കുകൾ പ്രകാരം.

(ബി) പതിനഞ്ചാം ധനകാര്യ കമ്മീഷൻ കേരളത്തിന്റെ ധനക്കമ്മി വിലയിരുത്തി ശിപാർശ ചെയ്ത ഗ്രാന്റ് തുക എത്രയാണ്; ഏത് കാലയളവിലേക്കാണ് പ്രസ്തുത തുക അനുവദിച്ചത്; വിശദമാക്കുമോ;

(ബി) റവന്യൂ കമ്മി ഗ്രാന്റിനത്തിൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ കേരളത്തിനായി ശിപാർശ ചെയ്ത തുകയുടെയും യഥാർത്ഥത്തിൽ ലഭിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കാലയളവ് വർഷം | ശിപാർശ ചെയ്ത തുക | സംസ്ഥാനത്തിന് അനുവദിച്ച തുക (കോടിയിൽ) |
|---|---|---|

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td colspan="3">2020-2021കാലയളവിലെ റിപ്പോർട്ട്</td></tr>
<tr><td>2020-2021</td><td>15323</td><td>15323</td></tr>
<tr><td colspan="3">2021-2026 കാലയളവിലെ രണ്ടാമത് റിപ്പോർട്ട്</td></tr>
<tr><td>2021-2022</td><td>19891</td><td>19891</td></tr>
<tr><td>2022-2023</td><td>13174</td><td>13174</td></tr>
<tr><td>2023-2024</td><td>4749</td><td>1583 (ജൂലൈ 2023 വരെ)</td></tr>
</table>
2024-25, 2025-26 സാമ്പത്തിക വർഷത്തേയ്ക്ക് ഈയിനത്തിൽ തുകകൾ ശിപാർശ ചെയ്തിട്ടില്ല.
</td>
</tr>
<tr>
<td>(സി)</td>
<td>ഓരോ വർഷവും ഇതിൽ എത്ര തുക വീതം സംസ്ഥാനത്തിന് അനുവദിച്ച് നൽകിയിട്ടുണ്ടെന്നും നാളിതുവരെ ആകെ എത്ര തുക ലഭിച്ചുവെന്നും ഇനി എത്ര തുക ലഭിക്കാനുണ്ടെന്നും വ്യക്തമാക്കുമോ;</td>
<td>(സി)</td>
<td>
റവന്യൂ കമ്മി ഗ്രാന്റിനത്തിൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ കേരളത്തിനായി ശിപാർശ ചെയ്ത തുകയുടെയും യഥാർത്ഥത്തിൽ ലഭിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>കാലയളവ് വർഷം</th><th>ശിപാർശ ചെയ്ത തുക</th><th>സംസ്ഥാനത്തിന് അനുവദിച്ച തുക (കോടിയിൽ)</th></tr>
<tr><td colspan="3">2020-2021കാലയളവിലെ റിപ്പോർട്ട്</td></tr>
<tr><td>2020-2021</td><td>15323</td><td>15323</td></tr>
<tr><td colspan="3">2021-2026 കാലയളവിലെ രണ്ടാമത് റിപ്പോർട്ട്</td></tr>
<tr><td>2021-2022</td><td>19891</td><td>19891</td></tr>
<tr><td>2022-2023</td><td>13174</td><td>13174</td></tr>
<tr><td>2023-2024</td><td>4749</td><td>1583 (ജൂലൈ 2023 വരെ)</td></tr>
</table>
2024-25, 2025-26 സാമ്പത്തിക വർഷത്തേയ്ക്ക് ഈയിനത്തിൽ തുകകൾ ശിപാർശ ചെയ്തിട്ടില്ല.
</td>
</tr>
<tr>
<td>(ഡി)</td>
<td>സംസ്ഥാനത്തിന്റെ ധനക്കമ്മി നികത്താനുള്ള കേന്ദ്രസഹായം കുറഞ്ഞു വരുന്നതായുള്ള ധനകാര്യ മന്ത്രിയുടെ പ്രസ്താവനയ്ക്ക് അടിസ്ഥാനമാക്കിയ വസ്തുതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?</td>
<td>(ഡി)</td>
<td>
തൊട്ടുമുമ്പത്തെ സാമ്പത്തിക വർഷത്തെ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ റവന്യൂ കമ്മി ഗ്രാന്റിനത്തിൽ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ഉണ്ടായിട്ടുള്ള കുറവ് യഥാക്രമം 6717 കോടി രൂപയും, 8425 കോടി രൂപയുമാണ്. 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിൽ തുകയൊന്നും ശിപാർശ ചെയ്തിട്ടില്ല.
GST നഷ്ട പരിഹാരം നിർത്തലാക്കിയതും, സംസ്ഥാന പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് ചൂണ്ടിക്കാട്ടിയും, സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന പൊതുകടത്തിന്റെ ഭാഗമാണെന്ന തെറ്റായ നിലപാട് സ്വീകരിച്ചും, സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ വലിയ രീതിയിലുള്ള കുറവാണ് കേന്ദ്രസർക്കാർ നടത്തിയിട്ടുള്ളത്. ഈ കേന്ദ്ര നയങ്ങളോടൊപ്പം റവന്യൂ കമ്മി ഗ്രാന്റിനത്തിലുണ്ടാകുന്ന കുറവും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ ഗുരുതരമായി ബാധിക്കുന്നുണ്ട്.
</td>
</tr>
</table>

സെക്ഷൻ ഓഫീസർ